**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6513** **10-11-2021 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങൾ നവീകരിക്കുന്നതിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തുറമുഖങ്ങൾ നവീകരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ തുറമുഖങ്ങൾ നവീകരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. വിഴിഞ്ഞം 1. വിഴിഞ്ഞം തുറമുഖം നവീകരിക്കുന്നതിന്റെ ഭാഗമായി തുറമുഖത്തിന്റെ ബേസിൻ ഏരിയ ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2. വിഴിഞ്ഞം തുറമുഖത്തെ സീവേർഡ് വാർഫിൽ ഐ.എസ്.പി.എസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. 3. വിഴിഞ്ഞം തുറമുഖത്ത് ഫയർഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം 1. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ ആദ്യഘട്ടമായ 101 മീറ്ററിന്റെ നിർമ്മാണം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ബർത്തിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 74 മീറ്റർ വാർഫ് എക്സ്റ്റൻഷന്റെ ഡ്രാഫ്റ്റ് ഡി.പി.ആർ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2. വലിയ കപ്പലുകളെ ആകർഷിക്കുന്നതിനായി ആഴം 10-12 മീറ്റർ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 3. കൊല്ലം തുറമുഖത്ത് റോഡ് / റെയിൽ കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഡി.പി.ആർ / ടി.എഫ്.ആർ തയ്യാറാക്കുന്നതിന് IPRCL എന്ന കേന്ദ്ര ഏജൻസിയുമായി എഗ്രിമെന്റ് ഒപ്പുവച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 4. കൊല്ലം തുറമുഖം ദേശീയ പാത 47 – മായി ബന്ധിപ്പിക്കുന്നതിന് 1.12 കിലോമീറ്റർ നീളമുള്ള കൊല്ലം – കൊച്ചു പിലാമൂട് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി യിട്ടുണ്ട്. 5. കൊല്ലം തുറമുഖത്ത് 40 ടൺ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് |

സ്റ്റാക്കർ, 20 ടൺ ക്രെയിൻ , ഫോർക്ക് ലിഫ്റ്റ്, വെയിംഗ് മെഷീൻ, വി.ടി.എം.എസ് തുടങ്ങിയ ഉപകരണങ്ങളും ഇ.ഡി.ഐ സൗകര്യങ്ങളും എം.ടി മലബാർ എന്ന ടഗ്ഗിന്റെ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ നിലവിൽ ആലപ്പുഴ തുറമുഖത്ത് ചരക്ക് ഗതാഗതത്തിനുള്ള സാദ്ധ്യതകൾ ഇല്ല. ടൂറിസ്റ്റുകൾക്ക് കടൽ യാത്രാസൗകര്യം, മറ്റ് വിനോദ പരിപാടികൾ എന്നിവ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊന്നാനി പൊന്നാനി തുറമുഖ വികസനത്തിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൺസഷൻഎഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. തുറമുഖ വികസന ത്തിനായി 29.93 ഏക്കർ ഭൂമി ടി കമ്പനിക്ക് കൈമാറി നൽകിയിട്ടുണ്ട്. ബേപ്പൂർ ബേപ്പൂർ തുറമുഖത്ത് കപ്പൽ ചാനലിന്റെ ആഴം നിലനിർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള വാർഫിന്റെ പടിഞ്ഞാറുഭാഗത്ത് 150 മീറ്റർ നീളത്തിലും കിഴക്ക് ഭാഗത്ത് 200 മീറ്റർ നീളത്തിലുമുള്ള വാർഫുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വലിയകപ്പലുകൾ അടുപ്പിക്കുന്നതിനായി ബേപ്പൂർ തുറമുഖത്ത് ചാനലിന്റെ ആഴം 7 മീറ്ററായി വർദ്ധിപ്പി ക്കുന്നതിനായി ക്യാപ്പിറ്റൽ ഡ്രഡ്ജിംഗ് ചെയ്യുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. പുതുതായി അക്വയർ ചെയ്ത കോവിലകം ഭൂമിയിൽ കണ്ടൈനർ സ്റ്റാക്കിംഗ് യാർഡ്, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് റോഡ് / റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് ഐ.പി.ആർ.സി.എൽ എന്ന കേന്ദ്ര ഏജൻസി സമർപ്പിച്ച ഡി.പി.ആർ / ടി.എഫ്.ആർ (ഡ്രാഫ്റ്റ്) തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 40 അടി കണ്ടൈനർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, 4 ഫിക്സഡ് ക്രെയിനുകൾ, വെയിംഗ് മെഷീൻ, വി.ടി.എം.എസ് സൗകര്യങ്ങളും എം.ടി കേരളം, എം.ടി.ചാലിയർ, എം.ടി സാമൂതിരി തുടങ്ങിയ ടഗ്ഗുകളുടെ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തിന്റെ സമഗ്ര വികസന ത്തിനായി മാസ്റ്റർ പ്ലാൻ സംബന്ധിച്ച RFP, DPR എന്നിവ തയ്യാറാക്കുന്നതിനുള്ള ടെൻഡർ ക്ഷണിച്ചിരിക്കുകയാണ്. അഴീക്കൽ നിലവിലെ തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിച്ച് ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിച്ചിട്ടുണ്ട്. ഷിപ്പിംഗ് പൈലറ്റേജിനായി പുതിയ ടഗ്ഗ് ലഭ്യമാക്കിയിട്ടുണ്ട്. കസ്റ്റംസിന്റെ ഇ.ഡി.ഐ സംവിധാനങ്ങൾ

| | | | |
|---|---|---|---|
| | | | തുറമുഖത്ത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് വിശ്രമത്തിനായി റസ്റ്റ് ഷെഡ് നിർമ്മാണം ആരംഭിച്ചു. കപ്പലുകൾക്ക് ശുദ്ധജലം വിതരണം ചെയ്യുന്നതിനു വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് രണ്ട് കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചു. |
| (ബി) | സംസ്ഥാനത്ത് പുതിയ തുറമുഖങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ബി) | അഴീക്കലിൽ ഒരു ഗ്രീൻഫീൽഡ് തുറമുഖം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| (സി) | തിരൂർ നിയോജകമണ്ഡലത്തിലെ തീരദേശവാസികളുടെ ചിരകാല സ്വപ്നമായ പറവണ്ണ മിനി ഹാർബർ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ